# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ - 7290 | 11.07.2014-ൽ മറുപടി<br>നൽകേണ്ടിയിരുന്ന<br>പുതുക്കിയ മറുപടി |

## പട്ടയത്തിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി

| ചോദ്യം<br>ശ്രീ. പി.എ. മാധവൻ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) മണലൂർ നിയോജകമണ്ഡലത്തിലെ ഏറവ് വില്ലേജിൽ സർവ്വേ നമ്പർ 405/284-ൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പുറമ്പോക്കിൽ 45 വർഷമായി താമസിക്കുന്ന 4 കുടുംബങ്ങൾക്ക് ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള പൊതുമരാമത്ത് വകുപ്പിന്റെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായുള്ള എം.എൽ.എ. യുടെ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;<br>(സി) സമീപവാസികളായ മറ്റ് കുടുംബങ്ങൾക്ക് പട്ടയം നൽകിയ മാതൃകയിൽ പ്രസ്തുത കുടുംബങ്ങൾക്കും അടിയന്തരമായി പട്ടയം നൽകുന്നതിന് റവന്യൂ വകുപ്പിന് എൻ.ഒ.സി. നൽകുവാൻ നിർദ്ദേശം നൽകുമോ? | (ബി) & (സി) എം.എൽ.എ.യുടെ കത്തിനോടൊപ്പം ലഭിച്ച പ്രസ്തുത കക്ഷികളുടെ ഹർജ്ജിയിൽ പട്ടയം ആവശ്യപ്പെട്ട തൃശ്ശൂർ താലൂക്കിൽ, ഏറവ് വില്ലേജിൽ, സർവ്വേ നമ്പർ 405, 284-ൽ ഉൾപ്പെട്ട ഭൂമി പൊതുമരാമത്ത് വകുപ്പ് ഏകദേശം 50 വർഷങ്ങൾക്ക് മുമ്പ് അറ്റകുറ്റപ്പണികൾ ചെയ്തിരുന്നതാണെങ്കിലും പെരുമ്പുഴ പാലം പണിതതിനു ശേഷം പ്രസ്തുത സ്ഥലവും റോഡും അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാണുള്ളത്. ആയതിനാൽ നിവേദനത്തിലെ ആവശ്യം പരിഗണിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ